# Minister of State for External Affairs Smt. MeenakashiLekhi's visit to Uzbekistan (September 23-26, 2021)

September 26, 2021

---

**വിദേശകാര്യ സാംസ്കാരിക സഹമന്ത്രിയായ ശ്രീമതി മീനകാശി ലേഖിയുടെ ഉസ്ബെക്കിസ്ഥാൻ സന്ദർശനം (സെപ്റ്റംബർ 23-26, 2021)**

സെപ്റ്റംബർ 26, 2021

2021 സെപ്റ്റംബർ 23 മുതൽ 26 വരെയുള്ള തിയ്യതികളിൽ വിദേശകാര്യ സാംസ്കാരിക സഹമന്ത്രിയായ ശ്രീമതി മീനകാശി ലേഖി ഉസ്ബെക്കിസ്ഥാൻ സന്ദർശിക്കും. പ്രസ്തുത നിയമനത്തിന് ശേഷം ഒരു മധ്യ ഏഷ്യൻ രാജ്യത്തേയ്ക്കുള്ള ഇവരുടെ ആദ്യ സന്ദർശനമാണിത്.

2. എം ഓ എസ്, വിദേശകാര്യ മന്ത്രി അബ്ദുൾ അസീസ് കാമിലോവുമായി കൂടിക്കാഴ്ച നടത്തുകയും ഉഭയകക്ഷി, പ്രാദേശിക, ബഹുരാഷ്ട്ര സഹകരണത്തിന്റെ സുപ്രധാന മേഖലകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഉസ്ബെക്കിസ്ഥാന്റെ 1 ബില്യൺ ഡോളർ ലൈൻ ഓഫ് ക്രെഡിറ്റിന് കീഴിലുള്ള വികസന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് എം ഓ എസ് ഊന്നൽ നൽകി. നിർദ്ദിഷ്ട ഉഭയകക്ഷി നിക്ഷേപ ഉടമ്പടി സംബന്ധിച്ചു നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ എത്രയും വേഗം അന്തിമ തീരുമാനത്തിലെത്തിക്കുന്നതിനു ഇരുപക്ഷവും സമ്മതിച്ചു.അഫ്ഗാനിസ്ഥാനിലെ വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് അക്രമാനുബന്ധമായ കൂടിയാലോചനകൾ നടത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അഫ്ഗാനിസ്ഥാൻ പ്രദേശം ഒരു ഭീകരപ്രവർത്തനത്തിനും ഉപയോഗിക്കാൻ അനുവദിക്കുകയില്ല എന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ചകൾ നടന്നു. എസ്സിഒയുടെ നിലവിലെ ഉസ്ബെക്ക് അധ്യക്ഷത സ്ഥാനത്തിന് ഇന്ത്യയുടെ പൂർണ്ണ പിന്തുണ വിദേശകാര്യ സാംസ്കാരിക സഹമന്ത്രി അറിയിച്ചു.

3. സന്ദർശന വേളയിൽ, ഉസ്ബെക്കിസ്ഥാൻ സാംസ്കാരിക മന്ത്രി ഓസോഡ്ബെക്ക് നാസർബെക്കോവുമായും എം ഓ എസ് കൂടിക്കാഴ്ച നടത്തി.. ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള ആഴത്തിലുള്ള സാംസ്കാരിക നാഗരികവുമായ ബന്ധം കണക്കിലെടുത്ത് വിവിധ സാംസ്കാരിക മേഖലകളിലെ സഹകരണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനെക്കുറിച്ച് അവർ ഫലപ്രദമായ ചർച്ച നടത്തി. ആർക്കൈവുകൾ, സിനിമകൾ, ബുദ്ധസ്ഥലങ്ങളുടെ സംരക്ഷണം, ഉസ്ബെക്കിസ്ഥാനിലെ

വിവിധ സർവകലാശാലകളിൽ 'ഇന്ത്യ സ്റ്റഡി റൂമുകൾ' സൃഷ്ടിക്കൽ, സാഹിത്യ കൃതികളുടെ വിവർത്തനം മുതലായവയവ ഇത്തരം സഹകരണപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.സന്ദർശന വേളയിൽ , 2021-25 കാലയളവിലെ സാംസ്കാരിക വിനിമയ പരിപാടികളിൽ ഒപ്പുവച്ചു. അടുത്തയാഴ്ച നടക്കുന്ന താഷ്കന്റ് ചലച്ചിത്രമേളയിൽ ഇന്ത്യയിലെ ചലച്ചിത്ര വ്യക്തിത്വങ്ങൾ ഉൾപ്പെടുന്ന 50 അംഗ ശക്തമായ ഇന്ത്യൻ പ്രതിനിധി സംഘം പങ്കെടുക്കും.

4. എം ഓ എസ് അവരുടെ സന്ദർശന വേളയിൽ നിരവധി പ്രഭാഷണങ്ങളും നടത്തി. ഇതിൽ താഷ്കന്റ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ലോയിലെ 'ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ' എന്ന വിഷയത്തെ കുറിച്ചുള്ള പ്രഭാഷണവും 'ആസാദിക അമൃത മഹോത്സവത്തിന്റെ ഭാഗമായി  ബുഖാറ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ 'ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ ബന്ധം- തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുക' എന്ന വിഷയത്തിലുള്ള പ്രഭാഷണവും ഇതിൽ ഉൾപ്പെടുന്നു.താഷ്കന്റ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വിശിഷ്ട ഇൻഡോളജിസ്റ്റുകളെ അവർ സന്ദർശിച്ചു, ഉസ്ബെക്കിസ്ഥാനിലെ ഇന്ത്യപഠനങ്ങളും തത്ത്വചിന്തയും കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വഴികൾ ചർച്ച ചെയ്തു.

5. താഷ്കെന്റിലെ ഇന്ത്യൻ കമ്മ്യൂണിറ്റി അംഗങ്ങളുമായും സമർകണ്ഡ് സ്റ്റേറ്റ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്ത്യൻ വിദ്യാർത്ഥികളുമായും വിദേശകാര്യ സാംസ്കാരിക സഹമന്ത്രി ആശയവിനിമയം നടത്തി. ഉസ്ബക്കിസ്ഥാൻ ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ വിദേശത്തുള്ള ഇന്ത്യൻ പ്രവാസികളുടെ മഹത്തായ സംഭാവന അവർ എടുത്തുപറഞ്ഞു.കൂടാതെ ആസാദിക അമൃത് മഹോത്സവത്തിന്റെ ആഘോഷങ്ങളിൽ സജീവമായി പങ്കെടുക്കാൻ ഇന്ത്യൻ സമൂഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

6. പതിവ് രാഷ്ട്രീയ വിനിമയങ്ങൾ നിലനിർത്തുകയും സാംസ്കാരിക ബന്ധം കൂടുതൽ ദൃഢമാക്കുകയും ചെയ്തു കൊണ്ട്, ഈ സന്ദർശനം ഉസ്ബെക്കിസ്ഥാനുമായുള്ള നമ്മുടെ നയതന്ത്ര പങ്കാളിത്തത്തിന് കൂടുതൽ ഊർജ്ജം പകരുന്നതായിരുന്നു,

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 26, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.